(സി) ഈ പദ്ധതി കമ്മീഷൻ ചെയ്തിട്ടും ഇതുവരെയും ജലസേചന സൗകര്യം ലഭിക്കാത്ത പ്രദേശങ്ങൾ ഉണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പ്രദേശങ്ങളിലെ കനാലുകൾ വഴി ജലസേചന സൗകര്യം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 16 വൻകിട/ഇടത്തരം ജലസേചന പദ്ധതികൾ പൂർണ്ണമായും 4 ജലസേചന പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) കുറ്റ്യാടി ജലസേചന പദ്ധതി 1973-ൽ ഭാഗികമായും, 1993-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ജലസേചന സൗകര്യത്തിന്റെ ആവശ്യകത നിലനിൽക്കുന്ന ഭാഗങ്ങളിൽ ജലം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

അത്തോളി പഞ്ചായത്തിലെ ജലസേചന സൗകര്യം

63 [2672] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതി പ്രദേശമായ അത്തോളി പഞ്ചായത്തിൽ ഏതെങ്കിലും ബ്രാഞ്ച് കനാലിലും ഫീൽഡ് ബ്യൂട്ടിയിലും ഇതുവരെയും ജലവിതരണത്തിന് സാധിക്കാതെ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അത്തോളി പഞ്ചായത്തിലെ അത്തോളി സബ് ഡിസ്ട്രി ബ്യൂട്ടറിയിൽ ഇതുവരെ ജലവിതരണം നടത്താൻ സാധിച്ചിട്ടില്ല.

കടമക്കുടി പഞ്ചായത്ത്, പുതുശ്ശേരി ബ്രിഡ്ജിന്റെ നിർമ്മാണം

64 [2673] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ കടമക്കുടി പഞ്ചായത്ത്, പുതുശ്ശേരി സ്കൂയിസ്-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ ഈ തടസ്സം നീക്കി നിർമ്മാണ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളം ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 6-5-2005-ൽ നടത്തിയ ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്ക് (34.17%) രേഖപ്പെടുത്തി ലഭിച്ചത്, ശ്രീ. കെ. വി. ജോർജിന്റെ ദർഘാസ്സായിരുന്നു. 8-7-2005-ൽ കൂടിയ സർക്കാർ ടെൻഡർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാന്റെ ദർഘാസ് 25% കൂടിയ നിരക്കിൽ സ്വീകരിച്ചുകൊണ്ട് 19-7-2005-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി, സി) ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല.

കല്ലട ജല സംഭരണിയുടെ ജലസ്രോതസ്സുകളിൽ നിന്നുള്ള ജലം ചോർത്തൽ

65 [2674] ശ്രീ. പി. ടി. തോമസ്:
,, ബി. വിജയകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ജെ. പൗലോസ്:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജല സംഭരണിയിലെ ജലനിരപ്പ് കാര്യമായി കുറഞ്ഞിട്ടുണ്ടോ;

(ബി) കല്ലട ജലസംഭരണിയിൽ വെള്ളം എത്തിച്ചിരുന്ന കുളത്തൂപ്പുഴ ആറിൽ എതെല്ലാം കൈവഴികളിൽ നിന്നാണ് വെള്ളം എത്തിച്ചേരുന്നത്;

(സി) കുളത്തൂപ്പുഴ ആറിൽ വെള്ളം എത്തിച്ചേരുന്ന ശങ്കിലിയിൽ നിന്നും ചാലുകീറി മാഞ്ചോല വഴി തമിഴ്നാട്ടിലെ താമ്രപർണ്ണി നദിയിലേക്ക് വെള്ളം എത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശങ്കിലിയിൽ നിന്നോ മറ്റേതെങ്കിലും ജലസ്രോതസ്സുകളിൽ നിന്നോ തമിഴ്നാട്ടിലേക്ക് വെള്ളം ചോർത്തുന്നതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തി ഇക്കാര്യത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) കുളത്തൂപ്പുഴ ആറിന്റെ കൈവഴികളായ പൊങ്ങമല, ശങ്കിലിപ്പാലം, സിരികല എന്നീ ആറുകളിൽ നിന്നാണ് വെള്ളം എത്തിച്ചേരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശങ്കിലിയിൽ നിന്നോ മറ്റു ജലസ്രോതസ്സുകളിൽ നിന്നോ തമിഴ്നാട് ജലം ചോർത്തുന്നുണ്ടോയെന്ന് അന്വേഷണം നടത്താറുണ്ട്. ഇതിനുവേണ്ടി വിജിലൻസ് കോ-ഓർഡിനേറ്ററായ സൂപ്രണ്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly